# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 2**

---

## സംഗീത സെമിനാറിന് തുടക്കമായി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് (ഐയുസിഎസ്.എസ്എം)സംഘടിപ്പിച്ച സംഗീത സെമിനാർ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. ബീന മാത്യു ഉദ്ഘാടനം ചെയ്തു.*

*പുതിയ ഇനം തബല തയ്യാറാക്കി പേറ്റന്റ് നേടിയ ഐയുസിഎസ്.എസ്എമ്മിലെ ഗവേഷക ആർ. രത്നശ്രീയെ ചടങ്ങിൽ ഡോ. ബീന മാത്യുവും രജിസട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ചേർന്ന് ആദരിച്ചു. സെന്റർ ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, സയിഷ് സെബാസ്റ്റ്യൻ എന്നിവരുമായി ചേർന്നാണ് പുതിയ തബല തയ്യാറാക്കിയത്.*

*ചടങ്ങിൽ ഡോ.കെ. ജയചന്ദ്രൻ, കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു, ഐയുസിഎസ്എസ്എം എക്സിക്യുട്ടീവ് കമ്മിറ്റി അംഗങ്ങളായ കോട്ടയം ഉണ്ണികൃഷ്ണൻ, ഡോ. ശ്രീലത, ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ, തിരുവിഴ ജയശങ്കർ, അനന്തപത്മനാഭൻ തൃശൂർ, പ്രഫ. കടമ്മനിട്ട വാസുദേവൻപിള്ള എന്നിവർ സംസാരിച്ചു. സെമിനാർ ഇന്ന്(ഏപ്രിൽ 3) സമാപിക്കും.*

*ഫോട്ടോ ക്യാപ്ഷൻ..*

*എം.ജി. സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് സംഘടിപ്പിച്ച സംഗീത സെമിനാറിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. ബീന മാത്യു ആർ. രത്നശ്രീയെ ആദരിക്കുന്നു. രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, തിരുവിഴ ജയശങ്കർ, കോട്ടയം ഉണ്ണികൃഷ്ണൻ എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1452/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഹോംസയൻസ് ബ്രാഞ്ച് പത്ത്(എ) ചൈൽഡ് ഡവലപ്മെന്റ്, ബ്രാഞ്ച് പത്ത്(ഡി) ഫാമിലി ആന്റ് കമ്യൂണിറ്റി സയൻസ്(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി മോളിക്കുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ്(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 16വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ്(2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1453/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിവോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടിസ്പോർട്സ് ആന്റ് ഫിറ്റ്നെസ് ട്രെയിനിംഗ്(2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ ഏഴു മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും.*

*(പി.ആർ.ഒ/39/1454/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ